# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

### നഗരസഭാ പ്രദേശങ്ങൾക്കായി മാസ്റ്റർ പ്ലാനുകൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 4752 — 26.06.2019- ൽ മറുപടി നൽകേണ്ടത്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി. ജോയി<br>,, എം. സ്വരാജ്<br>,, വി. കെ. സി. മമ്മത് കോയ<br>,, കെ.ജെ. മാക്സി | | എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ നഗരസഭാ പ്രദേശങ്ങൾക്കുമായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ജോലികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ എല്ലാ നഗരസഭാ പ്രദേശങ്ങൾക്കും മാസ്റ്റർ പ്ലാനുകൾ മൂന്ന് ഘട്ടങ്ങളിലായി നഗര-ഗ്രാമാസൂത്രണ വകുപ്പ് തയ്യാറാക്കി വരികയാണ്. 2009-ൽ 38 പട്ടണങ്ങൾക്കായി 31 മാസ്റ്റർ പ്ലാനുകളും, 2012-ൽ 31 പട്ടണങ്ങൾക്കായി 31 മാസ്റ്റർ പ്ലാനുകളും, 2015-ൽ 24 പട്ടണങ്ങൾക്കായി 24 മാസ്റ്റർ പ്ലാനുകളും (ആകെ 93 നഗരസഭാ പ്രദേശങ്ങൾക്കായി 86 മാസ്റ്റർ പ്ലാനുകൾ) തയ്യാറാക്കാനാരംഭിച്ചു. ഇവയിൽ പതിനൊന്നു മാസ്റ്റർ പ്ലാനുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അഞ്ച് മാസ്റ്റർ പ്ലാനുകൾക്ക് പ്രസിദ്ധീകരണാനുമതി നൽകുന്നതിനും പ്രസിദ്ധീകരണാനുമതി ലഭിച്ച അഞ്ച് മാസ്റ്റർ പ്ലാനുകൾക്ക് അംഗീകാരം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പ്രസിദ്ധീകരണാനുമതി ലഭിച്ച മൂന്നു മാസ്റ്റർ പ്ലാനുകളിൽ തുടർ നടപടികൾ ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | നഗരസഭകൾ സ്വീകരിച്ചു വരുന്നു. പതിമൂന്നു മാസ്റ്റർ പ്ലാനുകളുടെ സാങ്കേതിക ജോലികൾ പൂർത്തിയാക്കി ബന്ധപ്പെട്ട നഗരസഭകളുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. പന്ത്രണ്ടെണ്ണത്തിന്റെ കരട് പൂർത്തിയായി, ശേഷിക്കുന്ന മുപ്പത്തി ഏഴ് മാസ്റ്റർ പ്ലാനുകളുടെ തയ്യാറാക്കൽ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. |
| (ബി) | അംഗീകരിച്ചതും പ്രസിദ്ധീകരിച്ചതുമായ മാസ്റ്റർ പ്ലാനുകളും നഗരാസൂത്രണ പദ്ധതികളും പൊതുജനങ്ങൾക്ക് വീക്ഷിക്കുന്നതിനായി ലഭ്യമാക്കുന്നതിന് ഇന്റർനെറ്റ് മാപ് സെർവർ വികസിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. മലപ്പുറം മാസ്റ്റർ പ്ലാൻ പൈലറ്റ് പദ്ധതിയായി Web GIS അഥവാ Internet Map Server-ൽ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ നിർദ്ദിഷ്ട ഭൂവിനിയോഗ മാപ്പ്, മേഖല നിയന്ത്രണങ്ങൾ എന്നിവ ജനങ്ങൾക്ക് വീക്ഷിക്കുവാനും സർവ്വേ നമ്പർ, അക്ഷാംശം-രേഖാംശം, സ്ഥാനം എന്നിവയുടെ അടിസ്ഥാനത്തിൽ അന്വേഷണങ്ങൾ നടത്തുവാനും സാധിക്കും. www.gis.townplanning.kerala.gov.in-ൽ ഇത് ലഭ്യമാണ്. മലപ്പുറം മാസ്റ്റർ പ്ലാനിനു ശേഷം മട്ടന്നൂർ, കോഴിക്കോട് അർബൻ ഏരിയ (കോഴിക്കോട് കോർപ്പറേഷൻ, ഫെറോക് & രാമനാട്ടുകര നഗരസഭകൾ, ഒളവണ്ണ & കടലുണ്ടി ഗ്രാമപഞ്ചായത്തുകൾ എന്നിവയ്ക്കായുള്ള സംയുക്ത മാസ്റ്റർ പ്ലാൻ), എന്നീ മാസ്റ്റർ പ്ലാനുകളും Internet Map Server-ൽ തയ്യാറാക്കാൻ ആരംഭിച്ചിട്ടുണ്ട്. മറ്റു അംഗീകൃത/പ്രസിദ്ധീകൃത മാസ്റ്റർ പ്ലാനുകൾ Web GIS-ൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (സി) | അമൃത് പദ്ധതിയിൽ ഉൾപ്പെട്ട പട്ടണങ്ങളിൽ ജി.ഐ.എസ്. അധിഷ്ഠിത മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ കോർപ്പറേഷനുകൾ, ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് നഗരസഭകൾ എന്നിവയാണ് ഈ പദ്ധതിയിലുൾപ്പെട്ടിട്ടുള്ളത്. ഹൈദരാബാദിലുള്ള നാഷണൽ റിമോട്ട് സെൻസിംഗ് സെന്ററിൽ നിന്നും ലഭിച്ച High Resolution Satellite Imagery-യുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ pre field മാപ്പുകളുടെ സ്ഥല പരിശോധനയും വിവര ശേഖരണവും പുരോഗമിക്കുന്നു. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള മറ്റു ജോലികളായ സാമൂഹിക സാമ്പത്തിക സർവ്വേ, ഗതാഗത പഠനങ്ങൾ, ദ്വിതീയ വിവരശേഖരണം എന്നിവയും പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ